## മധുരമായ കുട്ടികളെ - തന്നോട് താൻ തന്നെ കൃപ ചെയ്യണം, പഠിപ്പിൽ കുതിച്ചോടൂ, ഒരു വികർമ്മവും ചെയ്ത് തന്റെ രജിസ്റ്റർ മോശമാക്കരുത്.

**ചോദ്യം** - ഈ ഉയർന്ന പഠിപ്പിൽ പാസാകുന്നതിന് വേണ്ടി മുഖ്യമായ ഏതൊരു പഠിപ്പാണ് ലഭിക്കുന്നത്? അതിന് ഏത് കാര്യത്തിൽ വിശേഷ ശ്രദ്ധ ഉണ്ടായിരിക്കണം?
**ഉത്തരം** - ഈ പഠിപ്പിൽ പാസാകണമെങ്കിൽ കണ്ണുകൾ വളരെ വളരെ പവിത്രമായിരിക്കണം എന്തുകൊണ്ടെന്നാൽ ഈ കണ്ണുകൾ തന്നെയാണ് ചതിക്കുന്നത്, ഇതാണ് ക്രിമിനലാക്കുന്നത്. ശരീരത്തെ കാണുന്നതിലൂടെ കർമ്മേന്ദ്രിയങ്ങളിൽ ചഞ്ചലത വരുന്നു, അതുകൊണ്ട് കണ്ണുകൾ ഒരിക്കലും ക്രിമിനലാവരുത്, പവിത്രമാകുന്നതിന് വേണ്ടി സഹോദരീ - സഹോദരരായിരിക്കൂ, ഓർമ്മയുടെ യാത്രയിൽ പൂർണ്ണമായ ശ്രദ്ധ നൽകൂ.

**ഗീതം** - ക്ഷമയോടെയിരിക്കൂ മനുഷ്യാ....................

**ഓം ശാന്തി**. ആര് പറഞ്ഞു? പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത കുട്ടികളോട് പറഞ്ഞതാണ്. ആരെങ്കിലും രോഗത്തിലാവുമ്പോൾ അവർക്ക് ധൈര്യം കൊടുക്കാറുണ്ട്, ക്ഷമയോടെയിരിക്കൂ - നിങ്ങളുടെ എല്ലാ ദു:ഖവും ദൂരീകരിക്കും. അവരെ സന്തോഷത്തിലേയ്ക്ക് കൊണ്ടു വരുന്നതിന് വേണ്ടി ധൈര്യം നൽകുകയാണ്. ഇപ്പോൾ അതാണെങ്കിൽ പരിധിയുള്ള കാര്യങ്ങളാണ്. ഇത് പരിധിയില്ലാത്ത കാര്യമാണ്, ഇവർക്ക് എത്രയധികം കുട്ടികളുണ്ടായിരിക്കും. എല്ലാവരെയും ദു:ഖത്തിൽ നിന്ന് മോചിപ്പിക്കണം. ഇതും നിങ്ങൾ കുട്ടികൾ തന്നെയാണ് അറിയുന്നത്. നിങ്ങൾ മറക്കരുത്, എല്ലാവരുടെയും സദ്ഗതി ചെയ്യുന്നതിന് ബാബ വന്നിരിക്കുകയാണ്. സർവ്വരുടെയും സദ്ഗതി ദാതാവാണ്, അപ്പോൾ ഇതിന്റെ അർത്ഥം എല്ലാവരും ദുർഗതിയിലാണ്. മുഴുവൻ ലോകത്തിലെ മനുഷ്യരും, അതിലും പ്രത്യേകിച്ച് ഭാരതം മാത്രമല്ല മുഴുവൻ ലോകവുമെന്ന് പറയപ്പെടുന്നു. പ്രത്യേകിച്ച് നിങ്ങൾ സുഖധാമത്തിൽ പോകും. ബാക്കി എല്ലാവരും ശാന്തിധാമത്തിലേയ്ക്ക് പോകും. ബുദ്ധിയിൽ വരണം - ഏതാണ്ട് നമ്മൾ സുഖധാമത്തിലായിരുന്നപ്പോൾ മറ്റു ധർമ്മത്തിലുള്ളവർ ശാന്തിധാമത്തിലായിരുന്നു. ബാബ വന്നിരുന്നു, ഭാരതത്തെ സുഖധാമമാക്കിയിരുന്നു. അതിനാൽ പരസ്യവും അങ്ങനെയുള്ളത് ചെയ്യണം. മനസ്സിലാക്കി കൊടുക്കണം ഓരോ 5000 വർഷങ്ങൾക്ക് ശേഷവും നിരാകാരനായ ശിവബാബ വരുന്നു. ശിവബാബ എല്ലാവരുടെയും അച്ഛനാണ്. ബാക്കി എല്ലാവരും സഹോദരങ്ങളാണ്. സഹോദരങ്ങൾ തന്നെയാണ് പുരുഷാർത്ഥം ചെയ്ത് അച്ഛനിൽ നിന്ന് സമ്പത്ത് നേടുന്നത്. അച്ഛന്മാർ പുരുഷാർത്ഥം ചെയ്യുന്നു എന്നല്ല. എല്ലാവരും അച്ഛന്മാരാണെങ്കിൽ പിന്നെ സമ്പത്ത് ആരിൽ നിന്ന് എടുക്കും? എന്താ സഹോദരന്മാരിൽ നിന്നാണോ? ഇത് സാധ്യമല്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു - ഇതാണെങ്കിൽ വളരെ സഹജമായ കാര്യമാണ്. സത്യയുഗത്തിൽ ഒരേയൊരു ദേവീ ദേവതാ ധർമ്മമാണുണ്ടാവുക. ബാക്കി എല്ലാ ആത്മാക്കളും മുക്തിധാമത്തിലേയ്ക്ക് പോകുന്നു. ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവുമെന്ന് പറയുന്നുവെങ്കിൽ തീർച്ചയായും ഒരേയൊരു ചരിത്രവും ഭൂമിശാസ്ത്രവുമാണ് അത് ആവർത്തിക്കുന്നതുമാണ്. കലിയുഗത്തിന് ശേഷം പിന്നീട് സത്യയുഗമാകും. രണ്ടിന്റെയും ഇടയിൽ പിന്നീട് സംഗമയുഗവും തീർച്ചയായും ഉണ്ടാകും. ഇതിനെ പറയപ്പെടുന്നു പരമം, പുരുഷോത്തമ മംഗളകാരീ യുഗം. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയുടെ പൂട്ട് തുറന്നുവെങ്കിൽ മനസ്സിലാക്കൂ, ഇതാണെങ്കിൽ വളരെ സഹജമായ കാര്യമാണ്. പുതിയ ലോകവും പഴയ ലോകവും. പഴയ വൃക്ഷത്തിൽ തീർച്ചയായും അനേകം ഇലകളുണ്ടായിരിക്കും. പുതിയ വൃക്ഷത്തിൽ കുറച്ച് ഇലകളായിരിക്കും. അത് സതോപ്രധാന ലോകമാണ്, ഇതിനെ തമോപ്രധാനമെന്ന് പറയും. നിങ്ങളിലും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചാണ് ബുദ്ധിയുടെ പൂട്ട് തുറക്കുന്നത്, എന്തുകൊണ്ടെന്നാൽ എല്ലാവരും യഥാർത്ഥ രീതിയിൽ ബാബയെ ഓർമ്മിക്കുന്നില്ല. അതിനാൽ ധാരണയും ഉണ്ടാകുന്നില്ല. ബാബയാണെങ്കിൽ പുരുഷാർത്ഥം ചെയ്യിക്കുന്നു, പക്ഷെ ഭാഗ്യത്തിലില്ല. ഡ്രാമയനുസരിച്ച് ആരാണോ നല്ല രീതിയിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്, ബാബയുടെ സഹായിയായി മാറുന്നത്, ഏത് അവസ്ഥയിലും അവരേ ഉയർന്ന പദവി നേടൂ. സ്ക്കൂളിൽ വിദ്യാർത്ഥികളും മനസ്സിലാക്കുന്നു നമ്മൾ എത്ര മാർക്കിൽ പാസാവും. തീവ്ര വേഗത്തിലുള്ളവർ നന്നായി പുരുഷാർത്ഥം ചെയ്യുന്നു. ട്യൂഷന് വേണ്ടി ടീച്ചറിനെ വെയ്ക്കുന്നു എങ്ങനെയെങ്കിലും പാസാവണം. ഇവിടെയും നന്നായി കുതിച്ച് ചാടണം. തന്റെ മേൽ കൃപ കാണിക്കണം. അഥവാ ബാബയോട് ആരെങ്കിലും ചോദിക്കുകയാണ് ഇപ്പോൾ ശരീരം ഉപേക്ഷിച്ചാൽ ഈ അവസ്ഥയിൽ എന്ത് പദവി നേടും? അപ്പോൾ ബാബ പെട്ടെന്ന് പറയും. ഇതാണെങ്കിൽ വളരെ സഹജമായി മനസ്സിലാക്കാനുള്ള കാര്യമാണ്. എങ്ങനെയാണോ പരിധിയുള്ള വിദ്യാർത്ഥികൾ മന

സ്സിലാക്കുന്നത്, പരിധിയില്ലാത്ത വിദ്യാർത്ഥികൾക്കും മനസ്സിലാക്കാൻ സാധിക്കുന്നു. ബുദ്ധികൊണ്ട് മനസ്സിലാക്കാൻ സാധിക്കുന്നു – നമ്മിൽ നിന്ന് ഇടയ്ക്കിടയ്ക്ക് ഈ തെറ്റ് ഉണ്ടാകുന്നു, വികർമ്മം ഉണ്ടാകുന്നു. രജിസ്റ്റർ മോശമാവുകയാണെങ്കിൽ റിസൽറ്റും അങ്ങനെയുള്ളതേ വരൂ. ഓരോരുത്തരും അവരവരുടെ രജിസ്റ്റർ വെയ്ക്കണം. ഇങ്ങനെയാണെങ്കിൽ ഡ്രാമയനുസരിച്ച് എല്ലാം അങ്ങനെ തന്നെ സംഭവിക്കുന്നു. സ്വയവും മനസ്സിലാക്കുന്നു നമ്മുടെ രജിസ്റ്ററാണെങ്കിൽ വളരെ മോശമാണ്. മനസ്സിലാക്കാൻ കഴിയുന്നില്ലായെങ്കിൽ ബാബ പറഞ്ഞുകൊടുക്കുന്നു. സ്കൂളിൽ രജിസ്റ്റർ മുതലായവയെല്ലാം വെയ്ക്കുന്നു. ഇതാണെങ്കിൽ ലോകത്തിൽ ആർക്കും അറിയുകയില്ല. പേര് ഗീതാ പാഠശാലയെന്നാണ്. വേദ പാഠശാലയെന്ന് ഒരിക്കലും പറയില്ല. വേദം, ഉപനിഷത്ത്, ഗ്രന്ഥം മുതലായ ഏതിന്റെയും പാഠശാലയെന്ന് പറയില്ല. പാഠശാലയിൽ ലക്ഷ്യമുണ്ട്. നമ്മൾ ഭാവിയിൽ ഇതാവും. ചിലർ വേദ ശാസ്ത്രങ്ങൾ വളരെയധികം പഠിച്ചു എങ്കിൽ അവർക്കും ടൈറ്റിൽ ലഭിക്കുന്നു. സമ്പാദ്യവും ഉണ്ടാകുന്നു. ചിലരാണെങ്കിൽ വളരെയധികം സമ്പാദിക്കുന്നു. പക്ഷെ അതൊരു അവിനാശീ സമ്പാദ്യമൊന്നുമല്ല, കൂടെ വരുന്നില്ല. ഈ സത്യമായ സമ്പാദ്യം കൂടെ വരുന്നു. ബാക്കി എല്ലാം ഇല്ലാതാകുന്നു. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ വളരെ വളരെ സമ്പാദ്യം ഉണ്ടാക്കികൊണ്ടിരിക്കുന്നു. നമുക്ക് വിശ്വത്തിന്റെ അധികാരിയായി മാറാൻ സാധിക്കുന്നു. സൂര്യവംശീ രാജധാനിയാണെങ്കിൽ തീർച്ചയായും കുട്ടികൾ സിംഹാസനത്തിലിരിക്കും. വളരെ ഉയർന്ന പദവിയാണ്. നമുക്ക് സ്വപ്നത്തിൽ പോലുമുണ്ടായിരുന്നില്ല നമ്മൾ പുരുഷാർത്ഥം ചെയ്ത് രാജ്യപദവി നേടുമെന്ന്. ഇതിനെയാണ് പറയുന്നത് രാജയോഗം. അത് വക്കീൽ യോഗവും ഡോക്ടർ യോഗവുമാണ്. പഠിപ്പിനെയും പഠിപ്പിക്കുന്നവരെയും ഓർമ്മയുണ്ടാകുന്നു. ഇവിടെയും ഇതാണ് – സഹജമായ ഓർമ്മ. ഓർമ്മയിൽ തന്നെയാണ് പരിശ്രമം. തന്നെ ദേഹീ അഭിമാനിയാണെന്ന് മനസ്സിലാക്കണം. ആത്മാവിൽ തന്നെയാണ് സംസ്ക്കാരം നിറയ്ക്കുന്നത്. അനേകർ വരുന്നു ചിലർ പറയുന്നു ഞങ്ങൾ ശിവബാബയുടെ പൂജ ചെയ്തിരുന്നു പക്ഷെ എന്തിനാണ് പൂജ ചെയ്യുന്നത്, ഇത് അറിഞ്ഞിരുന്നില്ല. ശിവനെ തന്നെയാണ് ബാബയെന്ന് പറയുന്നത്. വേറെ ആരെയും ബാബയെന്ന് പറയില്ല. ഹനുമാൻ, ഗണേശൻ മുതലായവരുടെ പൂജ ചെയ്യുന്നു, ബ്രഹ്മാവിന് പൂജ ഉണ്ടാവുന്നില്ല. അജ്മീറിൽ കേവലം ക്ഷേത്രമുണ്ട്. അവിടുത്തെ കുറച്ച് ബ്രാഹ്മണർ പൂജ ചെയ്യുമായിരിക്കും. ബാക്കി മഹിമയൊന്നും ഇല്ല. ശ്രീ കൃഷ്ണന്റെ, ലക്ഷ്മീ നരായണന്റെയെല്ലാം എത്ര എത്ര മഹിമയാണ്. ബ്രഹ്മാവിന് മഹിമയില്ല കാരണം ബ്രഹ്മാവ് ഈ സമയം കറുപ്പാണ്. പിന്നീട് ബാബ വന്ന് ഇവരെ ദത്തെടുക്കുന്നു. ഇതും വളരെ സഹജമാണ്. അതിനാൽ ബാബ കുട്ടികൾക്ക് വിവിധ പ്രകാരത്തിൽ മനസ്സിലാക്കി കൊടുക്കുന്നു. ബുദ്ധിയിൽ ഇതുണ്ടായിരിക്കണം ശിവബാബ നമ്മെ കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ്. ബാബ അച്ഛനുമാണ്, ടീച്ചറും ഗുരുവുമാണ്. ജ്ഞാനത്തിന്റെ സാഗരനായ ശിവബാബ നമ്മേ പഠിപ്പിക്കുകയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾ ത്രികാലദർശിയായി മാറിയിരിക്കുകയാണ്. ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു. ഇതും നിങ്ങൾ മനസ്സിലാക്കി ആത്മാവ് അവിനാശിയാണ്. ആത്മാക്കളുടെ അച്ഛനും അവിനാശിയാണ്. ഇതും ലോകത്തിലാർക്കും അറിയുകയില്ല. അവരാണെങ്കിൽ എല്ലാവരും വിളിക്കുകയാണ് – ബാബാ ഞങ്ങളെ പതിതത്തിൽ നിന്ന് പാവനമാക്കൂ. ഇങ്ങനെ പറയുന്നില്ല വന്ന് ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും കേൾപ്പിക്കൂ. ഇതാണെങ്കിൽ ബാബ സ്വയം വന്ന് കേൾപ്പിക്കുകയാണ്. പതിതത്തിൽ നിന്ന് പാവനം, പിന്നീട് പാവനത്തിൽ നിന്ന് പതിതം എങ്ങനെയാകും? ചരിത്രം എങ്ങനെ ആവർത്തിക്കും, അതും പറഞ്ഞു തരുന്നു. 84 ന്റെ ചക്രമാണ്. നമ്മൾ എന്തുകൊണ്ട് പതിതമായി മാറി പിന്നീട് പാവനമായി മാറി എങ്ങോട്ട് പോകാൻ അഗ്രഹിക്കുന്നു. മനുഷ്യരാണെങ്കിൽ സന്യാസി മുതലായവരുടെയടുത്ത് പോയി പറയും മനസ്സിന് എങ്ങനെ ശാന്തി ഉണ്ടാകും? ഇങ്ങനെ പറയില്ല നമ്മൾ സമ്പൂർണ്ണ നിർവികാരീ പാവനം എങ്ങനെ ആവും? ഇത് പറയുന്നതിൽ ലജ്ജ വരുന്നു. ഇപ്പോൾ ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് – നിങ്ങളെല്ലാവരും ഭക്തരാണ്. ഞാൻ ഭഗവാനാണ്, വരൻ. നിങ്ങൾ വധുവാണ്. നിങ്ങളെല്ലാവരും എന്നെ ഓർമ്മിക്കുകയാണ്. വഴിയാത്രക്കാരനായ ഞാൻ വളരെ സുന്ദരനാണ്. മുഴുവൻ ലോകത്തിലെ മനുഷ്യരെയും മനോഹരമാക്കി മാറ്റുന്നു. ലോകാത്ഭുതം സ്വർഗ്ഗം തന്നെയാണ്. ഇവിടെ 7 അത്ഭുതങ്ങളെ കണക്കിലുള്ളു. അവിടെയാണെങ്കിൽ ലോകാത്ഭുതം ഒരു സ്വർഗ്ഗം മാത്രമാണ്. ബാബയും ഒന്ന്, സ്വർഗ്ഗവും ഒന്ന്, ഏതിനെയാണോ എല്ലാ മനുഷ്യരും ഓർമ്മിക്കുന്നത്. ഇവിടെയാണെങ്കിൽ അത്ഭുതകരമായി ഒന്നും തന്നെയില്ല. നിങ്ങൾ കുട്ടികളുടെയുള്ളിൽ ധൈര്യമുണ്ട് ഇപ്പോൾ സുഖത്തിന്റെ ദിനം വന്നുകൊണ്ടിരിക്കുകയാണ്.

നിങ്ങൾ മനസ്സിലാക്കുന്നു ഈ പഴയ ലോകത്തിന്റെ വിനാശം എപ്പോൾ ഉണ്ടാകുന്നുവോ അപ്പോൾ സ്വർഗ്ഗത്തിന്റെ രാജ്യഭാഗ്യം ലഭിക്കുന്നു. ഇപ്പോൾ ഒറ്റയ്ക്ക് രാജ്യം സ്ഥാപിക്കുന്നില്ല. അതെ, പ്രജ ഉണ്ടാകുന്നു. കുട്ടികൾ പരസ്പരം അഭിപ്രായം നടത്തുന്നു, സേവനത്തിൽ എങ്ങനെ അഭിവൃദ്ധിയുണ്ടാകും? എല്ലാവർക്കും എങ്ങനെ സന്ദേശം നൽകും? ബാബ ആദി സനാതന ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന

ചെയ്യുന്നു. ബാക്കി എല്ലാത്തിന്റെയും വിനാശം ചെയ്യിക്കുന്നു. അങ്ങനെയുള്ള ബാബയെ ഓർമ്മിക്കണമല്ലോ. ആ അച്ഛൻ നമ്മെ രാജതിലകത്തിന്റെ അവകാശിയാക്കി മാറ്റി ബാക്കി എല്ലാത്തിന്റെയും വിനാശം ചെയ്യിക്കുന്നു. പ്രകൃതി ദുരന്തവും ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്. ഇതില്ലാതെ ലോകത്തിന്റെ വിനാശമുണ്ടാവുക സാധ്യമല്ല. ബാബ പറയുകയാണ് ഇപ്പോൾ നിങ്ങളുടെ പരീക്ഷ വളരെ സമീപത്താണ്, മൃത്യുലോകത്തു നിന്ന് അമരലോകത്തിലേയ്ക്ക് ട്രാൻസ്ഫറാകണം. എത്ര നല്ല രീതിയിൽ പഠിക്കുന്നോ പഠിപ്പിക്കുന്നോ, അത്രയും ഉയർന്ന പദവി ലഭിക്കും കാരണം തന്റെ പ്രജയെ ഉണ്ടാക്കുകയാണ്. പുരുഷാർത്ഥം ചെയ്ത് എല്ലാവരുടെയും മംഗളം ചെയ്യണം. കാരുണ്യം വീട്ടിൽ നിന്നാരംഭിക്കണം, ഇത് നിയമമാണ്. ആദ്യം മിത്ര സംബന്ധി സഹോദരങ്ങൾ മുതലായവർ വരും. പുറകെ പൊതുജനങ്ങൾ വരുന്നു. തുടക്കത്തിൽ അങ്ങനെയുണ്ടായിരുന്നു. പതുക്കെ പതുക്കെ വൃദ്ധിയുണ്ടായി പിന്നീട് കുട്ടികൾക്ക് താമസിക്കുന്നതിനായി വലിയ കെട്ടിടമുണ്ടാക്കി അതിനെ ഓംനിവാസ് എന്ന് പറഞ്ഞിരുന്നു. കുട്ടികൾ വന്ന് പഠിക്കാൻ തുടങ്ങി. ഇതെല്ലാം ഡ്രാമയിലടങ്ങിയിട്ടുണ്ടായിരുന്നു, അത് വീണ്ടും ആവർത്തിക്കും. ഇതിനെ ആർക്കും മാറ്റാൻ സാധിക്കില്ല. ഈ പഠിപ്പ് വളരെ ഉയർന്നതാണ്. ഓർമ്മയുടെ യാത്ര തന്നെയാണ് പ്രധാനം. മുഖ്യമായി കണ്ണുകൾ തന്നെയാണ് വളരെയധികം ചതിക്കുന്നത്. കണ്ണുകൾ ക്രിമിനലാകുന്നു അപ്പോൾ ശരീരത്തിലെ കർമ്മേന്ദ്രിയങ്ങൾ ചഞ്ചലമാകുന്നു. ചില നല്ല പെൺകുട്ടിയെ കണ്ടാൽ പിന്നെ അത് മതി അവരിൽ കുടുങ്ങിപോകുന്നു. ഇങ്ങനെ ലോകത്തിൽ അനേകം കേസുകൾ ഉണ്ടാകുന്നു. ഗുരുവിനും കുദൃഷ്ടിയുണ്ടാകുന്നുണ്ട്. ഇവിടെ ബാബ പറയുന്നു ഒട്ടും തന്നെ കുദൃഷ്ടി ഉണ്ടായിരിക്കരുത്. സഹോദരീ സഹോദരനായിരിക്കൂ അപ്പോൾ പവിത്രമായിരിക്കാൻ സാധിക്കും. മനുഷ്യർക്കെന്തറിയാം അവരാണെങ്കിൽ പരിഹസിക്കും. ശാസ്ത്രങ്ങളിൽ ഈ കാര്യങ്ങളൊന്നുമില്ല. ബാബ പറയുന്നു ഈ ജ്ഞാനം പ്രായേണ ഇല്ലാതാകുന്നു. പിന്നീട് ദ്വാപരയുഗത്തിൽ ഈ ശാസ്ത്രം മുതലായവ ഉണ്ടാക്കുന്നു. ഇപ്പോൾ ബാബ മുഖ്യമായ കാര്യം പറയുകയാണ്, അല്ലാഹുവിനെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. നിങ്ങൾ 84 ന്റെ ചക്രം കറങ്ങി വന്നിരിക്കുകയാണ്. ഇപ്പോൾ വീണ്ടും നിങ്ങളുടെ ആത്മാവ് ദേവതയായി മാറികൊണ്ടിരിക്കുന്നു. ചെറിയൊരു ആത്മാവിൽ 84 ജന്മങ്ങളുടെ അവിനാശീ പാർട്ട് അടങ്ങിയിരിക്കുന്നു, അത്ഭുതമാണല്ലോ. പരംപിതാ പരമാത്മാവിനും പാർട്ട് ലഭിച്ചിരിക്കുന്നു. ഡ്രാമയനുസരിച്ച് ഇത് അനാദി അവിനാശി ഡ്രാമയാണ്. തുടക്കം എപ്പോൾ ഉണ്ടായി, അവസാനം എപ്പോൾ ഉണ്ടാകും – ഇത് പറയാൻ സാധിക്കില്ല എന്തുകൊണ്ടെന്നാൽ ഇത് അനാദി അവിനാശി നാടകമാണ്. ഈ കാര്യങ്ങൾ ആർക്കും അറിയില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം

1. ഇപ്പോൾ പരീക്ഷയുടെ സമയം വളരെ സമീപത്താണ് അതുകൊണ്ട് പുരുഷാർത്ഥം ചെയ്ത് തന്റെയും സർവ്വരുടെയും മംഗളം ചെയ്യണം, പഠിക്കണം പഠിപ്പിക്കണം, കാരുണ്യം വീട്ടിൽ നിന്നാരംഭിക്കണം.

2. ദേഹീ അഭിമാനിയായി മാറി അവിനാശിയായ സത്യമായ സമ്പാദ്യം ശേഖരിക്കണം. തന്റെ രജിസ്റ്റർ വെയ്ക്കണം. രജിസ്റ്റർ മോശമാകുന്ന തരത്തിൽ ഒരു വികർമ്മവും ചെയ്യരുത്.

## വരദാനം:- സർവ്വർക്കും ഉന്മേഷ-ഉത്സാഹത്തിന്റെ സഹയോഗം കൊടുത്ത് ശക്തിശാലിയാക്കി മാറ്റുന്ന സത്യമായ സേവാധാരിയായി ഭവിക്കട്ടെ.

സേവാധാരിയെന്നാൽ സർവ്വർക്കും ഉന്മേഷ-ഉത്സാഹത്തിന്റെ സഹയോഗം കൊടുത്ത് ശക്തിശാലിയാക്കി മാറ്റുന്നവർ. ഇപ്പോൾ സമയം കുറച്ചേയുള്ളു, മാത്രമല്ല ആത്മാക്കൾ എത്രയോ വരാനുമുണ്ട്, ഒരുപാട് പേർ വന്നുവെന്ന് പറഞ്ഞ് കേവലം ഇത്രയും എണ്ണത്തിൽ തൃപ്തരാകരുത്. ഇപ്പോഴാണെങ്കിൽ സംഖ്യ വളരെ വർദ്ധിക്കണം അതിനാൽ താങ്കൾ എന്ത് പാലനയെടുത്തോ അതിന്റെ റിട്ടേൺ കൊടുക്കൂ. വരാനിരിക്കുന്ന നിർബ്ബല ആത്മാക്കളുടെ സഹയോഗിയായി അവരെ ശക്തരും അചഞ്ചലരും ദൃഢതയുള്ളവരുമാക്കൂ അപ്പോൾ പറയാം സത്യമായ സേവാധാരി.

**സ്ലോഗൻ:- ആത്മാവിനെ എപ്പോൾ, എവിടെ, എങ്ങനെ ആഗ്രഹിക്കുന്നുവോ അങ്ങനെ സ്ഥിതി ചെയ്യിപ്പിക്കൂ-ഇത് തന്നെയാണ് ആത്മീയ ഡ്രിൽ.**

**അവ്യക്ത സൂചനകൾ- ഇപ്പോൾ ഉത്സാഹത്തിന്റെ അഗ്നിയെ പ്രജ്വലിപ്പിച്ച് യോഗത്തെ ജ്വാലാസ്വരൂപമാക്കി മാറ്റൂ.**

ശക്തിശാലിയായ മനസ്സിന്റെ അടയാളമാണ്-സെക്കന്റിൽ എവിടെ ആഗ്രഹിക്കുന്നുവോ അവിടെ എത്തിച്ചേരണം. മനസ്സിന് പറക്കാൻ അറിഞ്ഞാൽ, അഭ്യസിച്ചാൽ സെക്കന്റിനുള്ളിൽ എവിടെ ആഗ്രഹിക്കുന്നുവോ അവിടെ എത്തിച്ചേരാൻ സാധിക്കുന്നു. ഇപ്പോഴിപ്പോൾ സാകാര ലോകത്തിൽ, ഇപ്പോഴിപ്പോൾ പരംധാമത്തിൽ, നിമിഷനേരത്തെ യാത്രയാണ്- ഇപ്പോൾ ഈ അഭ്യാസത്തെ വർദ്ധിപ്പിക്കൂ.